(ബി) ഈ പഞ്ചായത്തിൽ എത്ര പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും അതിൽ പുരുഷൻമാരെത്ര; സ്ത്രീകളും എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകർക്കുകൂടി കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പഞ്ചായത്തിൽ നിന്നും കർഷകത്തൊഴിലാളി പെൻഷനുവേണ്ടി എത്രപേർ അപേക്ഷിച്ചിരുന്നുവെന്നും എത്രപേർക്ക് പെൻഷൻ അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 405

(ബി) പെൻഷൻ അനുവദിച്ചവരുടെ മൊത്തം എണ്ണം—153
ഇതിൽ പുരുഷൻമാർ—63
സ്ത്രീകൾ—90

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മൊത്തം 426 പേർ അപേക്ഷിച്ചിരുന്നു. ഇതിൽ 316 പേർക്ക് പെൻഷൻ അനുവദിച്ചിരുന്നു.

പുളിമാത്ത് പഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവർ

1294 [2320] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിൽനിന്നും കർഷക തൊഴിലാളി പെൻഷന് 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ എത്രപേർക്ക് കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും അതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകർക്കുകൂടി കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 472

(ബി) പെൻഷൻ അനുവദിച്ചവരുടെ എണ്ണം—81
ഇതിൽ പുരുഷൻമാർ—29
സ്ത്രീകൾ—52

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly